# ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി

# &

# വികാസ്, അസീസി ഹോസ്പീസ് ജെറിയാട്രിക് പാലിയേറ്റീവ് കെയർ പ്രോഗ്രാം

അസീസി ഹോസ്പീസ് കോംപ്ലക്സ്, പുന്നപ്ര, ആലപ്പുഴ ഫോൺ: 0477 – 2287499

**PSC-Code No. 14180-CHBHC** (സർട്ടിഫിക്കറ്റ് ഇൻ ഹോം ബേസ്ഡ് ഹെൽത്ത് കെയർ) വയോജനങ്ങളേയും, ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത രോഗങ്ങളാൽ വീടുകളിൽ കഴിയുന്ന രോഗികളെയും ജീവിതാന്ത്യം വരെ വീടുകളിൽ മുഴുവൻ സമയമോ; നിശ്ചിത സമയങ്ങളിലേയ്ക്കോ പരിചരണം ഉറപ്പാക്കുന്ന മാനവ വികസന ശേഷിക്കായുള്ള പഠന, ഗവേഷണകേന്ദ്രം.

വയോജന പരിചരണം

ബോധവൽക്കരണ പരിശീലന പദ്ധതി - 10

Name:

Addres:

Phone No:

## ജീവിതയാത്രയുടെ അവസാനഘട്ടത്തിൽ ഉണ്ടാകുന്ന വ്യത്യസ്ഥ ലക്ഷണങ്ങളും, ഹോസ്പീസ് കെയറിൽ ഉപയോഗിക്കുന്ന പ്രധാന ഔഷധങ്ങളും.

വാർദ്ധക്യം മൂലവും, ഗുരുതരമായ രോഗങ്ങൾ ബാധിച്ചും ചികിത്സിച്ച് ഭേദമാക്കുന്നതിന് കഴിയാത്തവിധം രോഗം മൂർച്ഛിക്കുകയും, ശരീരം മരുന്നുകളോട് പ്രതികരിക്കാത്ത അവസ്ഥയിലാണ് ഉള്ളത് എന്ന് വിദഗ്ദ്ധ ഡോക്ർമാർ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളവർ ഏതു രോഗമാണ് ബാധിച്ചിട്ടുള്ളതെങ്കിലും ആ വ്യക്തി ഭൗതികശരീരം വെടിയുന്നതിന് ഏകദേശം 3 മാസം മുതൽ 6 മാസം വരെയുള്ള കാലയളവിൽ എല്ലാവരും തന്നെ സമാന ലക്ഷണങ്ങൾ തന്നെയാണ് പ്രകടിപ്പിക്കാറുള്ളത്.

ഈ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞ്, നിയന്ത്രിച്ച് രോഗിക്ക് ശാന്തവും സമാധാനപൂർണവുമായ ഒരു ജീവിതാന്ത്യയാത്ര നൽകുക എന്നതാണ് ഹോസ്പീസ് കെയർ ടീമിന്റെ കടമ. രോഗംമൂലവും, വാർദ്ധക്യം മൂലവും ജീർണാവസ്ഥയിൽ എത്തിയ ശരീരം തിരിച്ച് പൂർവ്വാവസ്ഥയിൽ എത്തിക്കുന്നത് അസാധ്യമാണ് എന്ന് ഡോക്ടർമാർ വിലയിരുത്തിയാൽ പിന്നീട് അതിന് ശ്രമിക്കാതെ തന്റെ പ്രിയപ്പെട്ടവർക്ക് ഏറ്റവും നല്ല ഒരു ജീവിതയാത്ര നൽകുന്നതിനുള്ള വഴികൾ അന്വേഷിക്കുകയാണ് അഭികാമ്യം.

ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത അവസ്ഥയിൽ എത്തിയ രോഗികളുടെ ജീവിതയാത്ര പിന്നീടുള്ള 6 മാസം മുതൽ ഒരു വർഷം വരെയുള്ള കാലയളവിൽ ഏതാണ്ട് സമാനരീതിയിലുള്ള രണ്ട് വ്യത്യസ്ഥ വഴിയിലൂടെ നീങ്ങിയാണ് ശരീരം വെടിയുന്നത് എന്ന് പഠനങ്ങൾ വിലയിരുത്തുന്നു.

## ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത അവസ്ഥയിൽ എത്തിയ രോഗികളുടെ ജീവിതാന്ത്യയാത്ര
## (Roads to Death)

| Normal Road | Difficult Road |
| --- | --- |
| 90% | 10% |
| 6 മാസം വരെ | |
| സാധാരണ അവസ്ഥ | വല്ലാത്ത ദ്വേഷ്യം |
| ക്ഷീണം, വിശപ്പില്ലായ്മ | വിശപ്പില്ലായ്മ |
| ഉറക്കക്കുറവ് | ഉറക്കമില്ലായ്മ |
| ഒന്നിനോടും താല്പര്യമില്ലാത്ത അവസ്ഥ | വെറുതെ വഴക്കുണ്ടാക്കുക |
| കൂടുതൽ സമയവും കിടക്കണം | അസ്വസ്ഥതകൾ കാണിക്കുക |
| ശരീരം മെലിയൽ | മനോവിഭ്രാന്തി കാണിക്കുക |
| ആരെല്ലാമോ തന്നെ കാണുവാൻ വന്നു എന്ന തോന്നൽ | ഇല്ലാത്ത അനുഭവങ്ങൾ ഉള്ളതായി വിളിച്ചു പറയുക |
| കട്ടിലിൽ നിന്ന് എഴുന്നേല്ക്കുന്നതിന് പോലും കഴിയാതാവുക | പരിചാരകരെ ഉപദ്രവിക്കുക |
| ശയ്യാവ്രണം ഉണ്ടാവുക | അറിയാതെ മലമൂത്ര വിസർജ്ജനം നടത്തുക |
| അർദ്ധമയക്കം | വിറയൽ, കോട്ടൽ |
| ഗാഢനിദ്ര | ആഴത്തിലുള്ള ശയ്യാവ്രണം |
| | അർദ്ധമയക്കം |
| | ഗാഢനിദ്ര |

വായു വലിയ്ക്കുക

(24 മുതൽ 72 മണിക്കൂർ)

↓

മരണം